

# എറണാകുളം മിസ്സം

VOL. II. ൧൯൨൩. No. 6.

## വിഷയവിവരം.


| | | പക്ഷം. |
|---|---|---|
| ൧. | ബ. പട്ടക്കാരുടെ പൊതുധ്യാനം | ൨൭൮ |
| ൨. | വേദപഠനമഹാസഖ്യത | ൨൯൦ |
| ൩. | തിരുവിതാംകൂറിൽ ഫീസ് ഇളവു | ൨൯൭ |
| ൪. | നിയമനങ്ങൾ | ൨൯൯ |
| ൫. | പലവക | ടി. |

# എറണാകുളം മിസ്സം.

Vol. II. ൧൯൦൬. No. 6.

## No. 47.

### നമ്മുടെ അധികാരത്തിൽപ്പെട്ട ബ. പട്ടക്കാർക്കു
### (Sacerdotibus Sæcularibus)
### ആശിർവാദം.

ആണ്ടുതോറും നടത്തിവരാറുള്ള ബ. പട്ടക്കാരുടെ ധ്യാനം അടുത്ത മാസം (സെപ്തമ്പർ) ൯-ാംനു-യും ൧൬-ാംനു-യുമായ ഞായറാഴ്ചകളിൽ വൈകുന്നേരം മുതൽ ഇവിടെ അരമനയിൽവച്ചും, വാഴക്കുളത്തുപള്ളിയിൽവച്ചും നടത്തുന്നതാണ്. ഇവിടെവച്ചുള്ള ഒന്നാം ധ്യാനം നടത്തുന്നതിനായി ത്രിശ്ശിനാപ്പള്ളിയിൽ നിന്നും ഈശോസഭക്കാരനായ പെ. ബ. പ്ലാഞ്ചാർഡ് അച്ചൻ (Fr. J. Planchard, S. J., Vicar General of Trichinopoly) വരുന്നതാണ്. ഇവിടെയും വാഴക്കുളത്തും നടത്തുന്ന ഒന്നാം ധ്യാനത്തിൽ കൂടേണ്ടവരുടെ പേരുവിവരം മറുവശം ചേർക്കുന്നു. ആരക്കുഴ മൈലക്കൊമ്പു ഡിവിഷനിൽ ഉള്ള മറ്റു പട്ടക്കാരെല്ലാവരും വാഴക്കുളത്തെ രണ്ടാം ധ്യാനത്തിലും മറ്റുള്ളവർ ഇവിടെ നടത്തുന്ന രണ്ടാമത്തെ ധ്യാനത്തിലും കൂടിക്കൊള്ളണം. നിശ്ചിതസ്ഥലമൊ സമയമൊ മാറണമെന്നു ആഗ്രഹിക്കുന്നവർ മുൻകൂട്ടി വിവരം ബോധിപ്പിച്ചു അനുമതി വാങ്ങിക്കൊള്ളേണ്ടതാണ്. ധ്യാനത്തിൽ കൂടാത്തവരുടെ കുമ്പസാരഅനുവാദം പൊതുധ്യാനാവധി അവസാനിക്കുന്ന സെപ്തമ്പർ ൨൨-ാംനു- ശനിയാഴ്ച കാലത്തു തീരുന്നതാകയാൽ അതിനുമുമ്പുതന്നെ അനുവാദം വാങ്ങിക്കൊള്ളണം. പൊതുധ്യാനത്തിൽ കൂടാത്തവരും കുർബ്ബാനക്കണക്കു മുതലായി ഹാജരാക്കേണ്ടുന്ന സകലതും ഏതെങ്കിലും ഒരു പൊതുധ്യാനത്തിന്റെ ആരംഭത്തിൽ മറ്റു പട്ടക്കാരെപ്പോലെ ഹാജരാക്കേണ്ടതാണ്.

ധ്യാനത്തിൽ കൂടാനുള്ളവർ ഞായറാഴ്ച വൈകാറാകുമ്പോൾതന്നെ വന്നുചേരുവാൻ വേണ്ടുന്ന ശ്രമങ്ങൾ ചെയ്യണം. എന്നാൽ തിങ്കളാഴ്ച കാലത്തു ൯-മണിക്കുള്ള ധ്യാനത്തിന്നെങ്കിലും വന്നുചേരാൻ പാടില്ലാത്തവർ കാരണം കാണിച്ചു പ്രത്യേക അനുവാദം വാങ്ങിക്കേണ്ടതാണ്. ഈ പൊതു ധ്യാനത്തിൽ കൂടാതെയിരിപ്പാൻ അനുവദിക്കപ്പെട്ടവർ അടുത്ത ഡിസംബർ അവസാനത്തിനുമുമ്പ് ഏതെങ്കിലും ഒരു കമ്മലീത്താ കൊവേന്തയിൽ പോയി താമസിച്ചു ഞായറാഴ്ച വൈകുന്നേരം മുതൽ ശനിയാഴ്ച കാലത്തു വരെ ധ്യാനം കഴിച്ചു വിവരം നമ്മെ ബോധിപ്പിച്ചുകൊള്ളണം.

പ്രി. ബ. സഹോദരന്മാരെ,

ധ്യാനംകൊണ്ടു വേണ്ട ഫലം ഉണ്ടാകാനായി ഇപ്പോൾതുടങ്ങി തങ്ങൾക്കുവേണ്ടിതന്നെയും മററു സഹോദരന്മാക്കുവേണ്ടിയും പ്രത്യേകം അപേക്ഷകൾ മുതലായ്ത്ത കാഴ്ചവയ്ക്കുയും ഈ പുണ്യാഭ്യാസമാണ് നിങ്ങളുടെ ഓരോരുത്തരുടെയും, നിങ്ങളുടെ സൂക്ഷത്തിന്നു ഏല്പിക്കപ്പെട്ട ആത്മാക്കളുടെയും നിത്യരക്ഷയ്ക്കുള്ള ഉത്തമമാഗ്ഗം എന്നു വിചാരിച്ച് വളരെ താല്പയ്യത്തോടും ശ്രദ്ധയോടും ഇതു കഴിക്കുന്നതിനു കരുതിയിരിക്കയും വേണം. നാമും നിങ്ങൾക്കുവേണ്ടി പ്രത്യേകം അപേക്ഷിക്കയും കുബ്ബാന കാഴ്ചവയ്ക്കുയും മററും ചെയ്യുന്നതാണ്.

മാമ്മോദീസാ, വിവാഹം, മരണം ഇവയുടെ റജിസ്റ്റ്കൾ ധ്യാനത്തിനായി വരുമ്പോൾ കൊണ്ടുവരണമെന്നില്ല. ബ. ഫൊറോനാ വികാരിമാർ വിസീത്തയ്ക്കായി വരുമ്പോൾ അതുകൾ പരിശോധിച്ചുകൊള്ളും. പട്ടക്കാരുടെ കുബ്ബാനക്കണക്കും, ആത്മസ്ഥിതി പുസ്തകവും, മനസ്സുതിരിവിന്റെ കണക്കു അച്ചടിഫാറത്തിൽ എഴുതിയതും, ഇക്കഴിഞ്ഞ ഒരാണ്ടിനകത്തു (൧൯൨൭ ആഗസ്റ്റ് ൧൦ാംനു-മുതൽ ൧൯൨൮ ആഗസ്റ്റ് ൧൦ാംനു-വരെ) ഇവിടെ ഏല്പിച്ച നിത്യകുബ്ബാനകളും, കൈക്കുബ്ബാനകളും എത്രയെന്നും ഏതെല്ലാം തീയതികളിലാണ് ഏല്പിച്ചതെന്നുമുള്ള വിവരം എഴുതിയതും ഹാജരാക്കിയാൽ മതി.

എറണാകുളത്തു അരമനയിൽ ഒന്നാം പ്യാനത്തിൽ ചേരേണ്ട ബ. പട്ടക്കാരുടെ പേരുവിവരം.

1. എളങ്കുന്നപ്പുഴ ബ. പൌലോസു ക.
2. കണ്ടത്തിൽ ബ. യൌസെപ്പു ക.
3. കളരിക്കൽ ബ. ഗീവറുഗീസു ക.
4. കട്ടിക്കാരൻ ബ. യൌസെപ്പു ക.
5. കാഞ്ഞിരത്തുങ്കൽ ബ. അബ്രാഹം ക.
6. കുടിയിരിപ്പി ബ. യാക്കൊ ക.
7. കോയിക്കര ബ. യൌസെപ്പു ക.
8. ചിറമ്മൽ ബ. യൌസെപ്പു ക.
9. ടി. ബ. അന്തോനി ക.
10. ചിററത്താഴത്തു ബ. പ്രാൻസീസു ക.
11. ചെന്നക്കാടൻ ബ. ജരാദ് ക.
12. തറയിൽ ബ. വക്കി ക.
13. തളിയത്തു ബ. യൌസെപ്പു ക.
14. ടി. ബ. സി. തോമാ ക.
15. തായങ്കേരി ബ. യാക്കൊ ക.
16. താഴത്തു ബ. യോഹന്നാൻ ക.
17. തെക്കന്തല ബ. കൊച്ചവുസെപ്പു ക.
18. നൽക്കര ബ. യൌസെപ്പു ക.
19. നട്ടവത്തുശേരി ബ. യാക്കൊ ക.
20. പയ്യപ്പിള്ളി ബ. കുറിയാക്കോസു ക.
21. ടി. ബ. കൊച്ചവക്കി ക.
22. ടി. ബ. യൌസെപ്പു ക.
23. പയ്യപ്പിള്ളി (കൊളുവൻ) ബ. ഗീവറുഗീസു ക.
24. പരിയാമൂല ബ. ഗീവറുഗീസു ക.
25. പഞ്ഞിക്കാരൻ ബ. കുഞ്ഞവുസെപ്പു ക. (കോക്കമംഗലം)
26. ടി. ബ. കൊച്ചവുസെപ്പു ക. (എറണാകുളം)
27. പണിക്കശേരി ബ. യോഹന്നാൻ ക.
28. പാണാട്ട ബ. തോമ്മാ ക.
29. പാനികുളം ബ. യൌസെപ്പു ക.
30. പാറപ്പുറം ബ. പൌലോസു ക.
31. പാറയ്ക്കൽ ബ. തയ്മൻ ക.
32. ടി. ബ. ദേവസ്സി ക.
33. ടി. ബ. സ്കറിയാ ക.
34. പാലത്തുങ്കൽ ബ. പൌലോസു ക.
35. പാലാട്ടി ബ. ഉറുബീസു ക.
36. പുരിശേരി ബ. അന്തോനി ക.
37. ടി. ബ. ളൂവീസു ക.
38. പുളപ്പാറ ബ. പത്രോസു ക.
39. പുതുവ ബ. യൌസെപ്പു ക.
40. പുത്തനങ്ങാടി ബ. ഇസഹാക്ക ക.
41. പുത്തരിക്കൽ ബ. മത്തായി ക.
42. പേരെപ്പാടൻ ബ. ഗീവറുഗീസു ക.
43. പൈനാടത്തു ബ. കൊച്ചവുസെപ്പു ക.
44. മണിയംകോട്ട ബ. യോഹന്നാൻ ക.

എറണാകുളത്തു അരമനയിൽ ഒന്നാം ധ്യാനത്തിൽ ചേരേണ്ട ബ. പട്ടക്കാരുടെ പേരുവിവരം. (തുടൎച്ച)

45. മണ്ണാറ ബ. ശീവറുശീസു ക.
46. മാണിക്കനാംപറമ്പിൽ ബ. യൌസെപ്പു ക.
47. മാമ്പിള്ളി ബ. യൌസെപ്പു ക.
48. വടശേരി ബ. ആഗസ്തി ക.
49. വട്ടങ്ങാട്ടശേരി ബ. കൊച്ചുവുസെപ്പു ക.
50. വട്ടോലി ബ. ഇട്ടപ്പ ക.
51. വാഴത്തറ ബ. യൌസെപ്പു ക.
52. വിതയത്തിൽ ബ. യോഹന്നാൻ ക.
53. വെട്ടിക്കാപ്പിള്ളി ബ. കുറിയാക്കോസു ക.
54. വേഴപ്പറമ്പിൽ ബ. കൊച്ചുവുസെപ്പു ക.

വാഴക്കുളത്തു ഒന്നാം ധ്യാനത്തിൽ ചേരേണ്ട ബ. പട്ടക്കാരുടെ പേരുവിവരം.

1. കിഴക്കേടൻ ബ. ശീവറുശീസു ക.
2. കുരുവിത്തടം ബ. യൌസെപ്പു ക.
3. കൊച്ചുപറമ്പിൽ ബ. ശീവറുശീസു ക.
4. കൊച്ചുമുട്ടത്തു ബ. യൌസെപ്പു ക.
5. ടി. ബ. ശൌര്യാർ ക.
6. കൊററത്തു ബ. മത്തായി ക.
7. കോട്ടൂരു ബ. കുര്യാക്കൊ ക.
8. ചുള്ളി ബ. വക്കി ക.
9. ചേററൂർ ബ. ശീവറുശീസു ക.
10. ഞരളക്കാട്ട ബ. ലൂക്കാ ക.
11. തെക്കെകുന്നേൽ ബ. ദേവസ്സി ക.
12. പുളിക്കൽ ബ. കുറിയാക്കോസു ക.
13. പൂക്കാട്ട ബ. ശീവറുശീസു ക.
14. പ്ലാത്തോട്ടത്തിൽ ബ. കുര്യൻ ക.
15. മാഞ്ഞാലി ബ. തോമ്മാ ക.
16 മാതെക്കൽ ബ. യൌസെപ്പു ക.
17. മാളിക്കൽ ബ. അബ്രാഹം ക.
18. മേക്കുന്നേൽ ബ. പൌലോസു ക.
19. വടക്കേക്കര ബ. യാക്കൊ ക.
20. വല്യവീട്ടിൽ ബ. ശീവറുശീസു ക.

എന്നു എറണാകുളത്തുനിന്നും, ൧൯൨൨ ആഗസ്റ്റ് ൩൧-ാംനു

എറണാകുളം വികാരി അപ്പസ്തോലിക്ക, കണ്ടത്തിൽ ആഗുസ്തീനോസു മെത്രാൻ.

✠ [illegible]

[illegible]

# വേദപഠനമഹാസഖ്യത.

—:o:—

## മുഖവുര.

ഇടവകകളെ ഭരിക്കുന്ന വൈദികന്മാൎക്കുള്ള നിരവധി ചുമതലകളിൽ വച്ച് സൎവ്വപ്രധാനമായതു തങ്ങളുടെ ജനങ്ങളെ നമ്മുടെ പരിശുദ്ധ മതത്തിൻെറ യഥാൎത്ഥതത്വങ്ങളെ പഠിപ്പിക്കയും അവയനുസരിച്ചു ജീവിപ്പാൻ അവരെ പരിശീലിപ്പിക്കയും ചെയ്യുക എന്നുള്ളതാണ്. എന്നാൽ പലപ്പോഴും സാഹചൎയ്യങ്ങൾമൂലം ഈ ഭാരമേറിയ ചുമതല നിൎവ്വഹിക്കുന്നതിൽ വളരെ പ്രയാസം നേരിടുന്നുണ്ട്.

ഈ മാതിരി പ്രയാസങ്ങൾ അറിഞ്ഞിരിക്കുന്നതിനാലത്രെ, യുവാക്കന്മാരെയും കുട്ടികളെയും വേദതത്വങ്ങൾ പഠിപ്പിക്കുന്നതിൽ അൽമേനികളുടെ സഹകരണം ലഭിക്കുന്നതിന് തിരുസഭ സദാ കാംക്ഷിച്ചുകൊണ്ടിരിക്കുന്നതു്.

ഓരോ ഇടവകയിലും വേദപഠനസഖ്യത ഏൎപ്പെടുത്തുവാൻ ബ. വികാരിയെ സഹായിക്കുന്നതിനും, സഖ്യാംഗങ്ങൾക്കുള്ള കടമകളെയും ആനുകൂല്യങ്ങളെയും അവരെ മനസ്സിലാക്കുന്നതിനുമായിട്ടു പ്രസ്തുത സഖ്യതയെ സംബന്ധിച്ചവ താഴെ ചേൎക്കുന്നു.

### സഖ്യതാഘടനയും നിയമങ്ങളും.

—:o:—

ചരിത്രം.

ഞായറാഴ്ചകളിലും പെരുന്നാൾദിവസങ്ങളിലും യുവാക്കന്മാരെയും കുട്ടികളെയും വേദോപദേശം പഠിപ്പിക്കുന്ന ജോലിയെ നിവൎത്തിച്ചിരുന്ന ഭക്തിയുള്ള അൽമേനികളുടെ ഒരു സഖ്യത അഞ്ചാം പൌലോസു മാൎപ്പാപ്പായുടെ കാലത്തു റോമയിൽ ഉണ്ടായിരുന്നു. ഇത്ര ഉപകാരപ്രദമായ ഒരു വേല തുടൎന്നുകൊണ്ടിരിക്കയും അഭിവൃദ്ധിയിൽ വരുത്തുകയും ചെയ്യണമെന്നു ആഗ്രഹമുണ്ടായിരുന്ന ആ മാൎപ്പാപ്പാ ഈ സംഘത്തെ ഒരു മഹാസഖ്യതയായി ഉയൎത്തുകയും അതിനു ദോഷപൊറുതികൾ കല്പിച്ചു കൊടുക്കയും ചെയ്തു.

എല്ലാരൂപതകളിലുമുള്ള എല്ലാ എടവകകളിലും വേദപഠന സഖ്യത നിയമാനുസരണം സ്ഥാപിക്കണമെന്നു ൧൯൦൫-ാമാണ്ടു ഏപ്രിൽ ൧൫-ാംനു "Acerbo nimis" എന്ന തിരുവെഴുത്താൽ പത്താം പീയൂസ് മാൎപ്പാപ്പാ കല്പിച്ചിട്ടുണ്ട്.

ഉദ്ദേശവും സ്വഭാവവും.

൧. വേദപഠന സഖ്യത എന്നതു് ജനങ്ങളെ, പ്രത്യേകിച്ച കുട്ടികളെ ക്രിസ്തുവേദ തത്വങ്ങളെ പഠിപ്പിക്കുന്നതിനും അവയനുസരിച്ച ജീവിപ്പാൻ അവരെ പരിശീലിപ്പിക്കുന്നതിനും സ്വമനസ്സാലെ ഇറങ്ങി പുറപ്പെടുന്ന ഭക്തിയുള്ള സ്ത്രീപുരുഷന്മാരുടെ ഒരു സംഘമാകുന്നു.

൨. ഈ സഖ്യതയുടെ മദ്ധ്യസ്ഥനും മാതൃകയും നമ്മുടെ പിതാവായ ശ്ലീ. മാർ തോമാശ്ലീഹായാകുന്നു.

൩. സഖ്യതയിൽ രണ്ടുതരം അംഗങ്ങളുണ്ടു്.

എ. പ്രവൎത്തകസാമാജികന്മാർ: അല്ലെങ്കിൽ വേദപഠനം നടത്തുന്ന അംഗങ്ങൾ.

ബി. ബഹുമാനമാത്രസാമാജികന്മാർ: അല്ലെങ്കിൽ ശമ്പളക്കാരായ ഉപദേശികൾക്കു ശമ്പളം കൊടുക്കുന്നതിനും കുട്ടികൾക്കു സമ്മാനദാനം ചെയ്യുന്നതിനും മററു ചിലവുകൾക്കുമായി സംഘഫണ്ടിലേക്കു പ്രതിമാസമൊ പ്രതിവൎഷമൊ ഒരു ചെറിയ തുക കൊടുത്തു് സഖ്യതയുടെ വേലയെ അഭിവൃദ്ധിയിൽ കൊണ്ടുവരുന്നതിനു ഉത്സാഹിക്കുന്നവർ.

X. നിയമാനുസരണമായ സ്ഥാപനവും മഹാസഖ്യതയോടുള്ള സംഘടനയും.

൧. ഒരു ഇടവകയിൽ വേദപഠനസഖ്യത സ്ഥാപിക്കുന്നതിന് വികാരി അച്ചൻ ആദ്യമായി ചെയ്യേണ്ടതു് പള്ളിയിലൊ, പള്ളിക്കൂടത്തിലൊ, ഗ്രാമത്തിലൊ വേദപഠനം നടത്തുവാൻ മനസ്സുള്ളവരായ സാമാന്യം പഠിപ്പുള്ളവരും സൽസ്വഭാവികളും ഉത്സാഹശീലന്മാരുമായ കുറെ ആളുകളെ ഒന്നിച്ചുകൂട്ടുകയാകുന്നു. സഖ്യതയുടെ ഉദ്ദേശത്തെ ഇവരെ നല്ലവണ്ണം ഗ്രഹിപ്പിക്കയും അവർ ചെയ്യേണ്ടതായ ജോലിയെ പരിശീലിപ്പിക്കയും ചെയ്തു കുറെ നാളത്തേക്കു അവരെക്കൊണ്ടു പരീക്ഷാൎത്ഥം ജോലി ചെയ്യിപ്പിക്കണം. അവരുടെ ജോലി തൃപ്തികരമെന്നു തനിക്കു തോന്നിയാൽ, നിയമാനുസരണം സഖ്യതയെ സ്ഥാപിക്കുന്നതിന് സ്ഥലത്തെ മെത്രാനച്ചനോടു അപേക്ഷിക്കണം.

൨. കാനോനാമുറയ്ക്കു സ്ഥാപിക്കുന്നതു സ്ഥലത്തെ മെത്രാന്റെ പ്രവൃത്തിയാകുന്നു. ഇതിന്നായി സ്ഥലത്തെ മെത്രാൻ കൊടുക്കുന്ന സ്ഥാപനാനുവാദകല്പന (Decree of erection) മൂലം സഖ്യത അംഗീകരണമുള്ള (Recognised) സംഘം ആയി തീരുന്നു.

൩. സഖ്യതയെ കാനോനാമുറയ്ക്കു ഒരു ഇടവകയിൽ സ്ഥാപിക്കുന്നതുകൊണ്ടുതന്നെ അതു റോമായിലെ മഹാസഖ്യതയോടു സംഘടിപ്പിക്കപ്പെടുകയും, റോമായിലെ മഹാ സഖ്യതയ്ക്കു കൊടുക്കപ്പെട്ടിട്ടുള്ള വിശേഷവരങ്ങളും ദോഷപ്പൊറുതികളും സംഘടിപ്പിക്കപ്പെട്ട സഖ്യതാംഗങ്ങൾക്കു ലഭിക്കയും ചെയ്യുന്നു.

## നിയമങ്ങൾ.

### I. സാമാജികത്വം.

൧. എ) ഇടവകകൾ ഭരിക്കുന്ന വൈദികരും അവരുടെ അസിസ്റ്റേന്തിമാരും അവരുടെ ഉദ്യോഗം കൊണ്ടുതന്നെ സഖ്യതയിൽ അംഗങ്ങളായിരിക്കുന്നതാണ്.

ബി) ഇടവകയിൽ ജോലി ചെയ്യുന്ന ഉപദേശികളും.

സി) ഇടവകാവശ്യങ്ങളുടെ തോതനുസരിച്ചു ഏതാനും പുരുഷന്മാരും സ്ത്രീകളും അംഗങ്ങളായിരിക്കുന്നതാണ്.

൨. മാതൃഭാഷ വായിക്കാനെങ്കിലും അറിയാൻ വഹിയാത്ത ഒരുത്തനെയും പ്രവർത്തകസാമാജികനായി തിരഞ്ഞെടുക്കാൻ പാടില്ലാത്തതാകുന്നു.

൩. ആറുമാസത്തെ പരിശീലനമെങ്കിലും സിദ്ധിച്ചിട്ടില്ലാത്ത ഒരുത്തനെയും പ്രവർത്തകസാമാജികനായി സ്വീകരിച്ചുകൂടാ.

### II. ഭരണം.

എ) തന്റെ ഉദ്യോഗംകൊണ്ടുതന്നെ വികാരി അച്ചൻ സഖ്യതയുടെ ഡയറക്ടരാകുന്നു.

ബി) തക്കകാരണമുള്ളപ്പോൾ തന്റെ അധികാരത്തെ അസിസ്റ്റേന്തിക്കു കൊടുക്കാവുന്നതാണ് (*delegate*.)

സി) സഖ്യതായോഗങ്ങളിൽ വികാരി അച്ചനാണ് അദ്ധ്യക്ഷം വഹിക്കുന്നതു്.

ഡി) പുരുഷന്മാരായ പ്രവർത്തകസാമാജികന്മാരിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട ഒരു സെക്രട്ടറിയും ഒരു ഖജാൻജിയും ഡയറക്ടരെ സഹായിക്കുന്നതിനുണ്ടായിരിക്കണം. ബഹുമാനമാത്രസാമാജികന്മാരുടെയും പ്രവർത്തകസാമാജികന്മാരുടെയും ഒരു പൊതുയോഗത്തിൽവച്ചത്രെ ഇവരെ തിരഞ്ഞെടുക്കേണ്ടതു്. ഇവരുടെ ഉദ്യോഗ കാലാവധി ഒരു കൊല്ലത്തേക്കു മാത്രമാണ്. ഒരു വർഷത്തിനിടയ്ക്കു ഇവരാരെങ്കിലും ഉദ്യോഗംവിടുന്നപക്ഷം തൽസ്ഥാനത്തേയ്ക്കു പകരം ആളെ ഡയറക്ടർക്കു നിയമിക്കാവുന്നതാണ്.

ഇ) സെക്രട്ടരി രണ്ടു രജിസ്റ്റർ സൂക്ഷിക്കേണ്ടതായിട്ടുണ്ട്. ഒന്നിൽ സഖ്യതാംഗങ്ങളുടെ പേരുവിവരവും അവർ സഖ്യതയിൽ ചേൎന്ന തീയതിയും ഉണ്ടായിരിക്കണം. മറെറാന്നിൽ വേദപാഠം നടത്തുന്നവരുടെ പേരുകളും അവരുടെ ഹാജരും കുറിക്കണം. സഖ്യത വക മററു പുസ്തകങ്ങളും റിക്കാട്ടുകളും സൂക്ഷിക്കേണ്ടതും സെക്രട്ടരി ആകുന്നു.

എഫ്) ബഹുമാനമാത്രസാമാജികന്മാരിൽ നിന്നു കിട്ടേണ്ട പണം പിരിച്ചു അതിൻെറയും, സംഭാവന മുതലായ മറെറല്ലാവക വരവു ചിലവുകളുടെയും ശരിയായ കണക്കു ഖജാൻജി സൂക്ഷിക്കയും ആണ്ടിൽ ഒരിക്കെലെങ്കിലും ഡയറക്ടരെ കണക്കുകൾ കാണിക്കയും ചെയ്യണം.

ജി) ഡയറക്ടരോടു സെക്രട്ടരിയും, ഖജാൻജിയും ജോലിനിവ്വഹണത്തെപ്പററി ഉത്തരവാദം പറയേണ്ടതാണ്.

എച്ച്) സഖ്യത സംബന്ധമായുള്ള എല്ലാകാൎയ്യങ്ങളിലും അംഗങ്ങൾ ഡയറക്ടരുടെ ആജ്ഞകൾക്കു കീഴ്പ്പെട്ടിരിക്കേണ്ടതാണ്.

## III. യോഗങ്ങൾ.

എ) മാസത്തിലൊരിക്കൽ പ്രവൃത്തക സമാജികന്മാരുടെ സാധാരണ യോഗം ഉണ്ടായിരിക്കുന്നതാണ്.

ബി) ഈ യോഗങ്ങളിൽവച്ച് സഖ്യതാംഗങ്ങൾക്കു വേദകാൎയ്യങ്ങൾ കുറെ വിസ്തരിച്ച് വ്യാഖ്യാനിച്ചുകൊടുക്കയും പഴയനിയമത്തിലേയും പുതിയനിയമത്തിലേയും ഉദാഹരണങ്ങൾസഹിതം അവയെ വിശദമാക്കികൊടുക്കയും ചെയ്യുന്നു. വേദപാഠം നടത്തേണ്ട വിധത്തേയും അവരെ പഠിപ്പിക്കണം.

സി) ഡയറക്ടർക്കു അംഗങ്ങളുടെ വേലയെപററി മേലന്വെഷണം ഉണ്ടായിരിക്കേണ്ടതും അദ്ദേഹം അവരുടെ വേദപാഠവേല അധികഫലപ്രദമായിതീരത്തക്കവണ്ണം അവരുടെ ജോലിയിൽ വല്ലന്യൂനതകളുംഉണ്ടെങ്കിൽ യഥാവസരം ചൂണ്ടികാണിച്ചുകൊടുക്കേണ്ടതുമാണ്.

ഡി) ബഹുമാനമാത്രസാമാജികന്മാരുടെയും പ്രവൎത്തക സമാജികന്മാരുടെയും ഒരു പൊതുയോഗം വൎഷത്തിൽ ഒരിക്കൽ കൂടണം. ആ യോഗത്തിൽ വച്ച് സഖ്യത ആ വൎഷത്തിൽ ചെയ്തിട്ടുള്ളവേലയുടെ ഒരു റിപ്പോൎട്ടു സെക്രട്ടരി എഴുതി വായിക്കേണ്ടതാണ്.

### കടമകളും ഭക്തകൃത്യങ്ങളും.

൧. വേദപാഠം നടത്തുന്നവേല വളരെ ബഹുമാനമുള്ളതായി അംഗങ്ങൾ കരുതേണ്ടതും അതിൽ യഥാൎത്ഥമായ താല്പൎയ്യം വൎദ്ധിക്കേണ്ടതുമാണ്.

ല) സഖ്യതാംഗങ്ങളുടെ മദ്ധ്യസ്ഥനായ ശ്ലീ. തോമ്മാശ്ലീഹായുടെ സഹായം കിട്ടുന്നതിന്നായി ദിവസേന ഒരു "ആകാശങ്ങളിൽ ഇരിക്കുന്ന" നമസ്കാരവും ശ്ലീ. തോമ്മാശ്ലീഹായെ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ എന്ന ജപവും ചൊല്ലണം.

ന) മാസത്തിലൊരിക്കൽ ഡയറക്ടർ നിശ്ചയിക്കുന്നദിവസത്തിൽ അംഗങ്ങൾ കൂട്ടമായിട്ടു ശ്ലീ. കുർബാന കൈക്കൊള്ളണം.

ഴ) കുട്ടികൾ വേദകാര്യങ്ങൾ പഠിക്കുവാൻ വരുന്നതിന്നായി അംഗങ്ങൾ അവരെ വേണ്ടവിധം ഉത്സാഹിപ്പിക്കണം.

ൾ) തങ്ങളുടെ സമീപസ്ഥരായ കുട്ടികളിൽ പ്രത്യേകം ശ്രദ്ധവെയ്ക്കയും പാട്ടുള്ളപ്പോളൊക്കയും അവരെ തനിയെപഠിപ്പിക്കയും ചെയ്യുന്നതിന്നു അംഗങ്ങൾ ഉത്സാഹിക്കണം.

ന്ന) അത്യാവശ്യനേരത്തു മാമ്മോദീസാ മുക്കേണ്ടതു എങ്ങനെ എന്നു അംഗങ്ങൾ അറിഞ്ഞിരിക്കേണ്ടതു കൂടാതെ മാമ്മോദീസാ കിട്ടാതെ കുഞ്ഞുങ്ങൾ മരിക്കാതെയിരിപ്പാൻ പ്രത്യേകം ശുഷ്കാന്തിയുള്ളവരുമായിരിക്കണം.

റ) നമ്മുടെ പരിശുദ്ധ വേദത്തെക്കുറിച്ചു് അകത്തോലിക്കരെ ഉപദേശിക്കുന്നതിന്നും അവരുടെ മനസ്സുതിരിവിന്നു സഹായിക്കുന്നതിന്നും ശുഷ്കാന്തിയോടും വിവേകത്തോടുംകൂടെ തക്കഅവസരങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കണം.

വ) തങ്ങളുടെ സംരക്ഷണയിൽ ആക്കപ്പെട്ടിരിക്കുന്ന കുട്ടികൾക്കും മറ്റാളുകൾക്കും വേണ്ടി അംഗങ്ങൾ പ്രാർത്ഥിപ്പാൻ മറക്കരുതു്.

## അംഗങ്ങളെ ചേർക്കേണ്ട ക്രമം.

ഡയറക്ടർ സൂപ്പ്ളേസും ഊറാലയുംധരിച്ചു് അഴിക്കാലുകൽ അംഗങ്ങളുടെനേരെ തിരിഞ്ഞുനിന്നുകൊണ്ടു അവരോടു ഇപ്രകാരം പറയുന്നു:

വേദോപദേശ സഖ്യതയിൽചേരുവാൻ ആഗ്രഹിക്കുന്നവർ അടുത്തു വരുവിൻ: (ഇവിടെ ആദ്യം പുരുഷന്മാരുടെയും അതിന്റെ ശേഷം സ്ത്രീകളുടെയും പേരുകൾപറഞ്ഞു വിളിക്കുന്നു.)

<u>ഡയറക്ടർ:</u> സഹോദരന്മാരെ, സഹോദരികളെ നിങ്ങൾ എന്താണു് ആവശ്യപ്പെടുന്നതു്?

<u>അംഗങ്ങളാകുവാനുള്ളവർ:</u> വേദപാഠസഖ്യതയിൽ കൂടുന്നതിന്നു ഞങ്ങൾ ആഗ്രഹിക്കുന്നു.

ഡയറക്ടർ: നിങ്ങൾ അംഗങ്ങളായിരിക്കുന്ന കാലത്തോളം സഖ്യതയുടെ റൂളുകളെ കാത്തുകൊള്ളാമെന്നും നിങ്ങളാൽ കഴിയുന്നവിധമെല്ലാം സഖ്യതയെ അഭിവൃദ്ധിപ്പെടുത്തിക്കൊള്ളാമെന്നും വാഗ്ദാനം ചെയ്യുന്നുവൊ?

അംഗങ്ങൾ: ദൈവസഹായത്താൽ ചെയ്തുകൊള്ളാമെന്നു ഞാൻ വാഗ്ദാനം ചെയ്യുന്നു.

ഡയറക്ടർ സഖ്യതയുടെ ചിഹ്നങ്ങൾ ആശീർവദിക്കുന്നു.

*V.* Adjutorium nostrum in nomine Domini.
*R.* Qui fecit coelum et terram.
*V.* Domine, exaudi orationem meam.
*R.* Et clamor meaus ad te veniat.
*V.* Dominus vobiscum.
*R.* Et cum spiritu tuo.

OREMUS.

Omnipotens sempiterne Deus, qui Sanctorum tuorum effigies, sculpi aut pingi non reprobas, ut quoties illas oculis corporis intuemur, toties eorum actus et sanctitatem ad imitandum memoriae oculis meditemur: haec, quaesumus, numismata (vel hoc, quaesumus, numisma), in honorem et memoriam beati Thomae Indiarum Apostoli, adaptata (vel adaptatum) bene✠dicere et sancti✠ficare digneris: et praesta, ut quicumque coram illis (vel illo) eumdem gloriosum Patrem nostrum suppliciter colere et honorare studuerint (vel studuerit), illius meritis et obtentu, a Te gratiam in praesenti, et aeternam gloriam obtineant (vel obtineat) in futurum. Per Christum Dominum nostrum. Amen.

ചിഹ്നങ്ങളെ ഹന്നാൻവെള്ളംകൊണ്ടു തളിക്കയും തന്റെ മുമ്പാകെ മുട്ടുകുത്തിയിരിക്കുന്ന ഓരോരുത്തന്നു താഴെകാണുന്നപ്രകാരം പറഞ്ഞുകൊണ്ടു ഓരോന്നുകൊടുക്കയും ചെയ്യുന്നു:

ക്രിസ്തീയ പഠനസഖ്യതയുടെ ചിഹ്നത്തെ നീ സ്വീകരിക്കയും വിശുദ്ധമായ ജീവിതത്താൽ അതിനെ ബഹുമാനിക്കയും ചെയ്ക. ആമ്മേൻ.

(അതിനുശേഷം താഴെകാണുന്ന പ്രകാരം പറഞ്ഞുകൊണ്ടു ഓരോ രൂൾബുക്കു കൊടുക്കുന്നു.)

അനേകംപേരെ നീതിയ്ക്കായി പഠിപ്പിച്ചുകൊണ്ടു എന്നെന്നും നക്ഷത്രങ്ങളെപ്പോലെ പ്രകാശിക്കുന്നതിനു നീ യോഗ്യനായിതീരുവാൻവേണ്ടി ഈ രൂൾ നീ സ്വീകരിച്ചു വിശ്വാസ്യതയോടെ അതിനെ അനുസരിച്ചു നടന്നുകൊൾക.

(അതിൻറശേഷം ഡയറക്ടർ അൾത്താരയിൻ പക്കലേക്കു തിരിഞ്ഞുകൊണ്ടു പറയുന്നതായതു്.)

*V.* Confirma hoc, Deus, quod operatus es in nobis.
*R.* A templo sancto tuo, quod est in Jerusalem.
*V.* Salvos fac servos tuos.
*R.* Deus meus sperantes in te.
*V.* Mitte eis, Domine, auxilium de sancto.
*R.* Et de Sion tuere eos.
*V.* Ora pro nobis Sancte Thomae
*R* Ut digni efficiamur promissionibus Christi.
*V.* Domine exaudi orationem meam.
*R.* Et clamor meus ad te veniat.
*V.* Dominus vobiscum.
*R.* Et cum spiritu tuo.

അംഗങ്ങളുടെനേരെ തിരിഞ്ഞുകൊണ്ടു ഇപ്രകാരം ചൊല്ലുന്നു:

OREMUS.

Domine Jesu Christe, qui dixisti, eum qui venit ad me non eiiciam foras, te suppliciter exoramus ut clementia tuae pietatis accipere digneris hos famulos tuos, qui hodie servituti tuae in Confraternitate doctrinae christianae se consecrarunt, ut tandem tecum in coelesti regno gaudere mereantur. Qui vivis et regnas in saeculorum. Amen.

(ഇവിടെ ഡയറക്ടർ അംഗങ്ങളെ ഹന്നാൻവെള്ളംകൊണ്ടു തളിക്കയും അതിൻറശേഷം താഴെകാണുന്നപ്രകാരം ചൊല്ലികൊണ്ടു അവരെ ആശീർവദിക്കയും ചെയ്യുന്നു.)

Benedictio ✠ Dei Omnipotentis, Patris et Filii et Spiritus Sancti, descendat super vos et maneat semper.

Amen.

(റോമ്മയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന വേദോപദേശപഠന മഠാസഖ്യതയ്ക്കു പരിശുദ്ധ സിംഹാസനം നൽകിട്ടുള്ള ദോഷപൊറുതികൾ.)

മുഴുവൻ ദോഷപൊറുതികൾ

൧. തക്കമനസ്താപത്തോടുകൂടി കുമ്പസാരിച്ചു ശു. കുർബ്ബാനകൈക്കൊള്ളുന്നവർക്കു സഖ്യതയിൽ ചേർന്നു പേരെഴുതിക്കുന്നദിവസം മുഴുവൻദോഷപൊറുതി ലഭിക്കാവുന്നതാണ്.

൨. സഖ്യതയുടെ മദ്ധ്യസ്ഥൻെറ തിരുനാൾ ദിവസവും.

൩. പിറവി, ഉയിർപ്പു്, വി. പത്രൊസു പൌലൊസു ശ്ലീഹന്മാരുടെ പെരുന്നാളുദിവസങ്ങളിലും ക്രമപ്രകാരം മുഴുവൻദോഷപൊറുതി ലഭിക്കാവുന്നതാണ്.

൪. മരണസമയത്തു പാടുണ്ടെങ്കിൽ കുമ്പസാരിച്ചു ശു. കുർബ്ബാനകൈക്കൊണ്ടിട്ടൊ അതിനു നിവൃത്തിയില്ലാത്തപക്ഷം തങ്ങളുടെ പാപങ്ങളെക്കുറിച്ചു് തക്കമനസ്താപത്തോടുകൂടി വാക്കാലൊ ഹൃദയംകൊണ്ടെങ്കിലുമൊ ഭക്തിയോടെ ഈശോയുടെ തിരുനാമം ഉച്ചരിച്ചാൽ മുഴുവൻ ദോഷപൊറുതി ലഭിക്കാവുന്നതാണ്.

അപൂർണ്ണദോഷപൊറുതികൾ.

൧. ഗ്രാമങ്ങളിൽപോയി വേദപഠനം നടത്തുമ്പോൾ പത്തുവർഷത്തെ ദോഷപൊറുതി.

൨. വേദപഠനത്തിനു സ്ത്രീപുരുഷന്മാരെയൊ കുട്ടികളെയൊ കൊണ്ടുവരുവാൻ ചുററിനടന്നു ഉത്സാഹിക്കുമ്പോൾ ഏഴുവർഷം.

൩. മാസത്തിലൊരിക്കൽ ശു. കുർബ്ബാനകൈക്കൊള്ളുന്ന അംഗങ്ങൾക്കു ഏഴുവർഷത്തെയും ഏഴു മണ്ഡലത്തെയും ദോഷപൊറുതി ലഭിക്കാം.

൪. ഒരംഗത്തിൻെറ ശവസംസ്കാരത്തിൽ സംബന്ധിക്കയൊ അല്ലെങ്കിൽ മരിച്ച അംഗത്തിനു ആത്മാനുകൂലം കിട്ടുന്നതിന്നായി ചെയ്യുന്ന പ്രാർത്ഥനകളിൽ സംബന്ധിക്കയൊ ചെയ്യുമ്പോൾ മൂന്നുവർഷം.

൫. ദീനത്തിലിരിക്കുന്ന ഒരു സഖ്യതാംഗത്തെ സന്ദർശിക്കുമ്പോളൊക്കയും ൨൦൦-ദിവസത്തെ ദോഷപൊറുതി. കുട്ടികളൊ, വേലക്കാരൊ, മററാരെങ്കിലുമൊ വേദകാർയ്യങ്ങൾ പഠിക്കാൻവരുന്നതിനുള്ള കാരണക്കാർക്കു ൨൦൦-ദിവസം.

മേല്പറഞ്ഞവകൂടാതെ അദ്ധ്യാപകന്മാർക്കും അദ്ധ്യേതാക്കൾക്കും നൽകപ്പെട്ടിട്ടുള്ള വേറെ പലദോഷപൊറുതികളും ഉണ്ടു്.

## തിരുവിതാംകൂറിൽ ഫീസ് ഇളവു.

—:o:—

മലയാളംസ്കൂളുകളിലും ഇംഗ്ലീഷ്സ്കൂളുകളിലും പഠിക്കുന്ന പുലയർ (ചേരുമർ), വേട്ടുവൻ, പറയൻ (പാമ്പമന്മാർ, സാംബവർ), വള്ളുവൻ, കുറവൻ, കാക്കാലൻ, ഉള്ളാടൻ, വേടർ മുതലായ അധകൃതവൎഗ്ഗക്കാൎക്കു മുഴുവൻ ഫീസും, ടി. സ്കൂളുകളിൽ പഠിക്കുന്നവരായ മഹമ്മദീയൻ, വാലൻ, തണ്ടാൻ, മരക്കാൻ, ചവളക്കാരൻ, മുക്കവൻ, അരയൻ, പുള്ളുവൻ, കുശവൻ, വേലൻ മുതലായ വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്നവൎക്കു പാതി ഫീസും, ഇംഗ്ലീഷ് സ്കൂളുകളിൽ പഠിക്കുന്നവരായ കുറകർ, കണിയാൻ, മറുവൻ, പറവൻ, വേലൻ, കമ്മാളർ, (ആശാരി, കല്ലാശാരി, കന്നാൻ, കൊല്ലൻ, തട്ടാൻ മുതലായവർ), വെളുത്തേടൻ, ചായക്കാരൻ, കുടുമ്മികൾ, ഈഴവർ, ചാന്നാൻ, ഇടയൻ മുതലായ വൎഗ്ഗക്കാൎക്കു പകുതി ഫീസും ഇളവു കൊടുക്കുന്നതിനു ഗവൎമ്മേണ്ടിൽനിന്നു അനുവദിച്ചിട്ടുള്ളതാണ്.

൧൯൨൮ ജൂൺ ൧൬-ാംനു-യിലെ Dis. No. 609 of 23/Leg. E ഉത്തരവുപ്രകാരം മുകളിൽ പറഞ്ഞ ഏതെങ്കിലും വൎഗ്ഗത്തിൽ പെട്ടവർ ക്രിസ്തുമതം സ്വീകരിച്ചാൽ അവൎക്കു മേല്പറഞ്ഞ ആനുകൂല്യം കിട്ടുന്നതിനു അവർ ടി. വൎഗ്ഗത്തിൽ പെട്ടവരാണെന്നു അവരുടെ ഇടവകയിലെ വികാരിയുടെ സാക്ഷി വാങ്ങിച്ചു ഹാജരാക്കിയാൽ മതിയായിരിക്കുന്നു. പകുതി ഫീസു ഇളവു കിട്ടുന്നതിനു അവകാശമുള്ള വൎഗ്ഗക്കാരുടെ പെൺകുട്ടികൾ നാലിൽ ഒരു ഭാഗം ഫീസു കൊടുത്താൽ മതി. മേല്പറഞ്ഞപ്രകാരം ഓരോ വൎഗ്ഗക്കാൎക്കു ഇളവു കൊടുക്കുന്നതുകൊണ്ടു പ്രൈവറ്റുസ്കൂളുകളുടെ മാനേജർമാൎക്കു ഉണ്ടാകുന്ന നഷ്ടത്തിന്റെ നാലിൽ മൂന്നു ഭാഗം ഗ്രാന്റായി സൎക്കാർ തരുന്നതാണ്.

—

തരിശുഭൂമി പതിച്ചുകൊടുക്കുന്നതിലും മേൽപറഞ്ഞ അധകൃതവൎഗ്ഗക്കാൎക്കുള്ള ആനുകൂല്യം അവർ ക്രിസ്തുമതം സ്വീകരിച്ചാലും ഉണ്ടായിരിക്കുന്നതാണെന്നും ഗവൎമ്മേണ്ടു പ്രസിദ്ധപ്പെടുത്തീട്ടുണ്ടു.

## നിയമനങ്ങൾ.

—:o:—

മൂഞ്ഞേലി ബ. തോമാച്ചൻ ത്രിപ്പൂണിത്തുറപള്ളിയുടെയും,

വട്ടയ്ക്കാട്ടുശേരി ബ. കൊച്ചുവുസെപ്പച്ചൻ തൈക്കാട്ടുശേരിപള്ളിയുടെയും അസിസ്റ്റേന്തിമാരായി നിയമിക്കപ്പെട്ടിരിക്കുന്നു.

ആണ്ടുകുമ്പസാരം മുടക്കമുള്ളവരുടെ പേരുവിവരം അടങ്ങിയ ലീസ്റ്റ് ക്രമപ്രകാരം ഇവിടെ ഇതേവരെ അയച്ചുതന്നിട്ടില്ലാത്ത പള്ളികളിൽ നിന്ന്, ബ. അച്ചന്മാർ ധ്യാനത്തിനുപോരുമ്പോൾ കൊണ്ടുപോരേണ്ടതാണ്.

* * *

ശംക്രപ്പള്ളിലും (തൊടുപുഴ), പേരാമ്പ്രയും (മൂവാറ്റുപുഴ), പെരുമ്പാവൂരും (കുന്നത്തുനാട്ട്) പള്ളിവയ്ക്കാൻ സർക്കാരിൽനിന്നു അനുവാദം കിട്ടിയിട്ടുണ്ട്. ശംക്രപ്പള്ളിൽ ആദ്യമായി കഴിഞ്ഞ ജൂൺ ൨൦-ാംനു- കുർബാനചൊല്ലുകയുമുണ്ടായി.

PRINTED AND PUBLISHED BY

**REV. BRO. FRANCIS AT THE MAR LOUIS MEMORIAL PRESS,**

ERNAKULAM.

## ഇവിടെ വില്പാനുള്ള പുസ്തകങ്ങൾ.

—————:o:—————

ആത്മസ്ഥിതി പുസ്തകം

പുതിയ രീതിയിലുള്ള മാമ്മോദീസാ റജിസ്റ്റർ.

ബ വൈദികരുടെ പത്തുദിവസത്തെ ധ്യാനം. ണം ൧൪.

അനുദിനഭോജനം. ണ. ൩.

വിശുദ്ധ മറിയം ദൈവത്തിന്റെ അമ്മയാണ്. ണ. ൨. പ.

സുറിയാനികുബ്ബാനയും അതിന്റെ ലത്തീൻതൎജ്ജമയും.

വി. ത്രേസ്യായുടെ ചരിത്രസംഗ്രഹം.

വേദോപദേശം പത്തുപാഠങ്ങളും അന. മണിജപവും, തിരുഹൃദയ ജപമാലയും, ശുദ്ധീകരാത്മാവുകളെക്കുറിച്ചുള്ള പ്രാൎത്ഥനയും, നമസ്കാരങ്ങളും, മാംസം വൎജ്ജിക്കേണ്ട ദിവസങ്ങളും, കടമുള്ള ദിവസങ്ങളും, ആണ്ടുകുമ്പസാരത്തിന്റെ അവധിയും അടങ്ങിയ ചെറിയ വേദോപദേശം വില്പാൻ തയ്യാറുണ്ടു. വില പുസ്തകം ൧ ക്ക് ണ. ൨. ൧൨ന്ന് ൧ കമ്മീഷൻ കൊടുക്കുന്നതുമാണ്.